(സി) പ്ലസ് വൺ അഡ്മിഷനു ശേഷം ഏതെങ്കിലും സർക്കാർ സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകളിൽ; എത്ര സീറ്റുകൾ വീതം ഇനിയും കുട്ടികൾ എത്താനുണ്ടെന്ന് പറയാമോ;

(ഡി) പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ച സ്ഥാപനങ്ങളിൽ അദ്ധ്യാപക തസ്തികകൾ ഫിക്സ് ചെയ്ത് നൽകിയിയിട്ടുണ്ടോ; ഈ സ്കൂളുകളിൽ അദ്ധ്യാപനം നടത്തുന്ന ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ശമ്പളം നല്കി വരുന്നുണ്ടോ ; തസ്തികകൾ ഫിക്സ് ചെയ്ത് സ്ഥിര നിയമനം നൽകുന്നതിനും ശമ്പളം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഈ വർഷം സർക്കാർ മേഖലയിൽ പുതുതായി ഹയർ സെക്കന്ററി സ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ഓർഫനേജിനോട് ചേർന്ന് പ്രവർത്തിക്കുന്ന സ്കൂൾ എന്ന പരിഗണന നൽകി തിരുവനന്തപുരം പൂജപ്പുരയിലെ എസ്.എം.എസ്.എസ്. ഹിന്ദു മഹിളാ മന്ദിരത്തിനുകീഴിലുള്ള ചിന്മയ മെമ്മോറിയൽ ഗേൾസ് ഹൈസ്കൂളിൽ (എയ്ഡഡ്) ഹയർ സെക്കന്ററി അനുവദിച്ചു.

(ബി) ഈ വർഷം ഹയർ സെക്കന്ററി സ്കൂളുകളിൽ അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടില്ല.

(സി) വിവരം അനുബന്ധമായി ചേർക്കുന്നു.

(ഡി) പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ച സ്ഥാപനങ്ങളിലെ തസ്തിക നിർണ്ണയ നടപടികൾ പുരോഗമിച്ചുവരുന്നു. സർക്കാർ സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് വേതനം നൽകാൻ ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനം നൽകുന്നതിനുള്ള നടപടികൾ 48404/ഗി2/2015/പൊ.വി.വ ഫയലിൽ സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ പുല്ലൂർ യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷൻ

79 (1155) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ.-യിൽ ഹയർ നീക്കത്തിന് അനാവശ്യമായ കാലതാമസം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാന കാരണങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ചിട്ടുണ്ടോ ;

(സി) ഡി.പി.ഐ.-യിൽ ഫയലിന്മേൽ നടപടി സ്വീകരിച്ച് തീർപ്പ് കൽപ്പിക്കുന്ന കാര്യത്തിൽ സേവനാവകാശ നിയമവും ഫൈവ് ഡേ റൂൾ ഉൾപ്പെടെയുള്ള മറ്റ് പ്രസക്തമായ ചട്ടങ്ങളും ബാധകമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) മലപ്പുറം ജില്ലയിലെ പുല്ലൂർ യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് എൻ.എസ്. സെക്ഷനിലുള്ള 67625/എൻ.എസ്.3/2015 നമ്പർ ഫയൽ ആരംഭിച്ച തീയതി എന്നാണെന്ന് വ്യക്തമാക്കുമോ ;

(ഇ) 21.8.2015-ന് ലഭിച്ച തപാൽ സെക്ഷനിൽ നിന്നും ഫയലാക്കി നൽകിയത് എന്നാണ്; ഇതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;

(എഫ്) പ്രസ്തുത ഫയൽ അത് കൈകാര്യം ചെയ്ത ഓരോ ഉദ്യോഗസ്ഥനും കൈവശം വച്ചിരുന്നത് എത്ര ദിവസം വീതമാണ് എന്ന് അറിയിക്കുമോ ; അനാവശ്യ കാലതാമസം വരുത്തിയ ഓരോ ഉദ്യോഗസ്ഥന്റേയും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ; പകർപ്പ് നൽകുമോ ;

(ജി) 21-8-2015 മുതൽ 2015 നവംബർ 20 വരെ പ്രസ്തുത സീറ്റിൽ ആരംഭിച്ച ഫയലുകൾ എത്രയാണ്; അതിൽ 2015 നവംബർ 10 വരെ തീർപ്പാക്കി റിപ്പോർട്ട് നൽകിയ എത്ര കേസുകളുണ്ട് ; പുല്ലൂർ യു. പി. സ്കൂളിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട 67625/എൻ.എസ്.3/15-ാം നമ്പർ ഫയലിൽ തീർപ്പുകൽപ്പിച്ച് റിപ്പോർട്ട് നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ; നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത റിപ്പോർട്ട് എന്ന് സമർപ്പിക്കുമെന്ന് അറിയിക്കുമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ മാന്വൽ ഓഫ് പ്രൊസീഡ്യുവർ (MOP) അനുസരിച്ചാണ് ഫയലുകൾ കൈകാര്യം ചെയ്തു വരുന്നത്. ആയതിനാൽ ഫൈവ്ഡേ റൂൾസ് ബാധകമാണ്. എന്നാൽ ഡയറക്ടറേറ്റിൽ കൈകാര്യം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന എല്ലാ വിഷയങ്ങൾക്കും സേവനാവകാശ നിയമം ബാധകമാക്കിയിട്ടില്ല. എൻ.എസ്3/67625/ഡി.പി.ഐ. ഫയൽ സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തി തീർപ്പാക്കാൻ കഴിയുന്നതല്ല. എന്നാൽ സമയബന്ധിതമായി സർക്കാരിൽ സമർപ്പിക്കേണ്ട സ്കൂൾ അംഗീകാരത്തിനുള്ള പ്രൊപ്പോസൽ, CBSE/ICSE-NOC ലഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിനാൽ മുകളിൽ സൂചിപ്പിച്ച ഫയലിൽ മൈക്രോ പ്ലാൻസ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) 19-9-2015-നാണ് ഫയൽ ആരംഭിച്ചത്.

(ഇ) ഫയലാക്കി നല്കിയത് 19-09-2015-ൽ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നല്കുന്നതിനുള്ള ഫയലുകളും സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് NOC നൽകുന്ന ഫയലുകളും എൻ.എസ്. സെക്ഷനിലെ എല്ലാ സെക്ഷൻ ക്ലാർക്കുമാരും സൂപ്രണ്ടും കൈകാര്യം ചെയ്യുന്നതിനാൽ മറ്റു ചില ഫയലുകളിൽ ചെറിയതോതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. അംഗീകാരത്തിനുള്ള അപേക്ഷകൾ വളരെയധികം വരുന്നതിനാലും അവ സമയബന്ധിതമായി സമർപ്പിക്കേണ്ടിയിരുന്നതിനാലുമാണ് മറ്റ് ഫയലുകളിൽ കാലതാമസം നേരിട്ടിട്ടുള്ളത്.

(എഫ്) അനാവശ്യ കാലതാമസം ഉണ്ടായതായി കാണുന്നില്ല.

(ജി) 21-8-2015 മുതൽ 10-11-2015 വരെ എൻ.എസ്.3 സെക്ഷനിൽ ആരംഭിച്ച ഫയലുകൾ -173, തീർപ്പാക്കിയ ഫയലുകൾ -22. പൂല്ലൂർ യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട എൻ.എസ്3/67625/ഡി.പി.ഐ. നമ്പർ ഫയലിന്മേൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും റിപ്പോർട്ട് വാങ്ങുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 1-12-2015-ലെ എൻ.എസ്.3/67625/ ഡി.പി.ഐ. നമ്പർ കത്ത് പ്രകാരം, റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ യൂണിഫോം വിതരണം

80 (1156) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബഡ്ജറ്റിൽ (2011-12) സംസ്ഥാനത്തെ സ്കൂളുകളിലെ ആറ് മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ വിദ്യാർത്ഥികൾക്കും യൂണിഫോം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇത് നടപ്പിലാക്കാനായിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് യൂണിഫോം നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly